# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1639 03/05/2017-ൽ മറുപടിക്ക്

## പ്രതിരോധ കുത്തിവയ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് ലഭിച്ചിട്ടില്ല എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ; | എ) | 11.6% കുട്ടികൾ എല്ലാ പ്രതിരോധ കുത്തിവെയ്പ്പുകളും എടുത്തിട്ടില്ല. 1% കുട്ടികൾ ഒരു പ്രതിരോധ കുത്തിവെയ്പ്പ് / മരുന്ന് എടുത്തിട്ടില്ല. വിശാദംശങ്ങൾ അനുബന്ധമായി കൊടുക്കുന്നു. |
| ബി) | കുട്ടികൾക്ക് സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ? | ബി) | കേരളത്തിൽ സമ്പൂർണ്ണ പ്രതിരോധ കുത്തിവെയ്പ്പ് കുട്ടികൾക്ക് നൽകുന്നത് കേന്ദ്ര സർക്കാർ തന്നിട്ടുള്ള ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പട്ടിക അനുസരിച്ചാണ്. ഇതിന്റെ ഭാഗമായി എല്ലാ സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ബുധനാഴ്ചയും പ്രതിരോധ കുത്തിവെയ്പ്പ് സൗജന്യമായി നൽകിവരുന്നു. കൂടാതെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടി തുടങ്ങിയ പ്രത്യേക കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ മുൻകൂട്ടി തീരുമാനിച്ച് അറിയിക്കുന്ന തീയതി പ്രകാരം പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ആശ, അംഗൻവാടി വർക്കർമാർ തുടങ്ങിയവർ വഴി കുട്ടികളെ കണ്ടുപിടിച്ച് പ്രത്യേക സെന്ററുകളിൽ വച്ചാണ് കുത്തിവെയ്പ്പ് നടത്തുന്നത്. ഇതിനായി ഇവർ വഴി കുട്ടികളെ കണ്ടുപിടിക്കാനുള്ള സർവ്വെ നടത്തി കുത്തിവെയ്പ്പ് നൽകുന്നു. ഇത് സൂപ്പർവൈസ് ചെയ്യുന്നതിന് സൂപ്പർവൈസർമാരുണ്ട്. ഇതിനായി പ്രത്യേക പ്രവർത്തന പദ്ധതി തയ്യാറാക്കിയാണ് എല്ലാ മാസവും പ്രവർത്തനം നടത്തുന്നത്. പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, പോസ്റ്റർ, ലീഫ് ലെറ്റ് തുടങ്ങിയവയിലൂടെയുള്ള പ്രചരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. പ്രതിരോധ കുത്തിവെയ്പ്പ് നേട്ടം കുറവുള്ള ജില്ലകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശ പ്രകാരം മിഷൻ ഇന്ദ്രധനുഷ് പോലുള്ള പ്രത്യേക പദ്ധതികളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

Birth 2015-16 FY

MCTS age 0-1 2015-16

| DST | BIRTH REGISTRATION | FI | PI | UI |
|---|---|---|---|---|
| ALP | 23109 | 20599 | 2349 | 161 |
| ERM | 35915 | 31888 | 3685 | 342 |
| IDY | 12791 | 11852 | 830 | 109 |
| KNR | 38935 | 33591 | 5090 | 254 |
| KSD | 22602 | 21022 | 1457 | 123 |
| KLM | 32022 | 29913 | 1945 | 164 |
| KTM | 19535 | 18483 | 968 | 84 |
| KZD | 44941 | 39735 | 4832 | 374 |
| MLP | 88002 | 67242 | 18716 | 2044 |
| PKD | 40704 | 36506 | 3848 | 350 |
| PTA | 12203 | 11641 | 486 | 76 |
| TVM | 35713 | 33698 | 1758 | 257 |
| TSR | 38752 | 32830 | 5608 | 314 |
| WYD | 12636 | 11127 | 1388 | 121 |
| KER | 457860 | 400127 | 52960 | 4773 |

| DST | FI | PI | UI |
|---|---|---|---|
| ALP | 89.1 | 10.2 | 0.7 |
| ERM | 88.8 | 10.3 | 1.0 |
| IDY | 92.7 | 6.5 | 0.9 |
| KNR | 86.3 | 13.1 | 0.7 |
| KSD | 93.0 | 6.4 | 0.5 |
| KLM | 93.4 | 6.1 | 0.5 |
| KTM | 94.6 | 5.0 | 0.4 |
| KZD | 88.4 | 10.8 | 0.8 |
| MLP | 76.4 | 21.3 | 2.3 |
| PKD | 89.7 | 9.5 | 0.9 |
| PTA | 95.4 | 4.0 | 0.6 |
| TVM | 94.4 | 4.9 | 0.7 |
| TSR | 84.7 | 14.5 | 0.8 |
| WYD | 88.1 | 11.0 | 1.0 |
| KER | 87.4 | 11.6 | 1.0 |

FI → Fully Immunized

PI → Partially Immunized

UI – Unimmunized.